"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണം - തലസ്ഥാന നഗര വികസന പദ്ധതി - എൽ.എം.എസ്. അട്ടക്കുളങ്ങര റോഡ് വികസനം - എൽ.എ.ആർ.334/2010 -മേലുള്ള ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1914/2024/LSGD തീയതി,തിരുവനന്തപുരം, 15-10-2024

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം സബ് കോടതിയുടെ 19.11.2016 തീയതിയിലെ എൽ.എ.ആർ 334/2010-ലെ വിധിന്യായം.
2. സ.ഉ.(അച്ചടി) നം.32/2019/ധന തീയതി 18/03/2019
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 24.01.2023 തീയതിയിലെ നടപടിക്രമം.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 28.02.2023, 02.05.2023, 21.10.2023 തീയതികളിലെ എ3/2704/2017/ട്രിഡ നമ്പർ കത്തുകൾ.
5. സ.ഉ.(സാധാ) നം.907/2023/LSGD തീയതി 21.04.2023
6. സ.ഉ.(സാധാ) നം.1277/2023/LSGD തീയതി 19.06.2023
7. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 13.09.2024 തീയതിയിലെ DCTVM/8701/2024-K9 നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി എൽ.എം.എസ്. അട്ടക്കുളങ്ങര റോഡ് വികസനത്തിനായി വഞ്ചിയൂർ വില്ലേജിൽ സർവ്വേ നമ്പർ 3002 (LA.Re.Sy.No.3002/4)-ൽപ്പെട്ടതും ബിഷപ്പ് ഡോ.പ്രടിനാന്റിസ് & റവ.ഡോ.സി.ജോസഫ് എന്നിവരുടെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.48 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 334/2010 നമ്പർ കേസിൽ ബാലൻസ് വിധിക്കടത്തുകയായ 39,49,957/- രൂപ (മുപ്പത്തി ഒൻപത് ലക്ഷത്തി നാല്പത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി അൻപത്തിയേഴ് രൂപ മാത്രം) അടിയന്തരമായി കക്ഷികൾക്ക് അനുവദിക്കണമെന്ന് പരാമർശം (7) പ്രകാരം ജില്ലാ കളക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എൽ.എം.എസ്. അട്ടക്കുളങ്ങര റോഡ് വികസനത്തിനായി വഞ്ചിയൂർ വില്ലേജിൽ ബിഷപ്പ് ഡോ.പ്രടിനാന്റിസ് &

റവ.ഡോ.സി.ജോസഫ് എന്നിവരുടെ ഉടമസ്ഥതയിലുണ്ടായിരുന്ന 0.48 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 334/2010 കേസിൽ ബഹു. തിരുവനന്തപുരം സബ് കോടതിയുടെ പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ ബാലൻസ് വിധിക്കടത്തുകയായ 39,49,957/- രൂപ (മുപ്പത്തി ഒൻപത് ലക്ഷത്തി നാല്പത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി അൻപത്തിയേഴ് രൂപ മാത്രം) "4217-60-800-93-Payment of compensation in LAR cases" എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം
Bishop Dr. Pradinantise, Euration Roman Administrator, Masmiapolice, Kollam Mission (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന)
Rev.Dr.C.Joseph, Parish Priest, St.Joseph's Metropolitan Cathedral, Thiruvnanthapuram (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന)
നിയമവകുപ്പ് (സ്യൂട്ട് II1/81/2023-LAW, dated 03.04.2023)
ധനവകുപ്പ് (WCD-3/112/2023-ധന(2429220), dated 30.05.2023)
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
സെക്ഷൻ ഓഫീസർ
Date: 15-10-2024 13:17:05